Mr. T. Narayana Menon.—No.

Ill-treatment of a depressed class student in the Trichur Govt. park.

184. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ ഗവമ്മെണ്ടു് പാക്കിൽവച്ചു് അവിടത്തെ കാവൽക്കാരനെ തീണ്ടിയെന്ന കുറവും പറഞ്ഞു് ഒരു അധഃകൃതവിദ്യാർത്ഥിയെ ദേഹോപദ്രവം ഏല്പിച്ചിട്ടുള്ളതു് ഗവമ്മെണ്ടിനു് അറിവുണ്ടോ; ഉണ്ടെങ്കിൽ എന്തു ചെയ്തുഎന്നു് സദയം പറയാമൊ?

രാമവമ്മതമ്പുരാൻ.— പി. കെ. വേലു എന്ന അധഃകൃത വിദ്യാർത്ഥി കൃഷ്ണസ്വപ്പെണ്ടിന്റെ സമക്ഷം ഇങ്ങിനെയൊരാക്ഷേപം ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടു്. അതിനെപറ്റി അന്വേഷണം നടത്തുന്നതിനു് ഹരജിക്കാരനോടു് നേരിട്ടുഹാജരാകുവാൻ ആവശ്യപ്പെട്ടതുപ്രകാരം ചെയ്യാതിരുന്നതിനാൽ യാതൊരു നടപടിയും ഇതിനെസംബന്ധിച്ചു നടത്തിയില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—അടിച്ചു എന്നു പറയുന്ന ശിപായിയെ വരുത്തി ഗവമ്മെണ്ടു് വല്ല അന്വേഷണവും ചെയ്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—അതിനെപറ്റി റിപ്പോർട്ടു് ഒന്നും കിട്ടീട്ടില്ല. നോട്ടീസു് വേണം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഹർജിക്കാരൻ ഹർജി അയച്ചിട്ടില്ലെങ്കിലും അതിനെസംബന്ധിച്ചു് വേറെ എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായൊ?

രാമവമ്മതമ്പുരാൻ.—വേറെ ഒരന്വേഷണവും നടത്തിയിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ആവലാതിക്കാരന്റെ പക്കൽ നിന്നും വന്നിട്ടുള്ള ആക്ഷേപത്തിനു് എന്തെങ്കിലും സമാധാനം വരുത്തേണ്ടതാണെന്നുള്ള സംഗതി ഗവമ്മെണ്ടിനറിവുണ്ടൊ?

രാമവമ്മതമ്പുരാൻ.—അതിനെപറ്റി അന്വേഷിക്കുന്നതിനു് ഹർജിക്കാരൻ ആവശ്യപ്രകാരം ഹാജരാവാതിരുന്നതിനാൽ യാതൊരു സമാധാനവും വരുത്തിയിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ആവലാതിക്കാരനു് ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും പരിഹാരമുണ്ടാക്കി കൊടുക്കേണ്ട ആവശ്യമുണ്ടൊ എന്നു് അന്വേഷിച്ചു പറയുവാൻ ദയവുണ്ടാകുമൊ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കുവാൻ വിരോധമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ആക്ഷേപം വന്നില്ലെങ്കിൽതന്നെയും ഇവരെസംബന്ധിച്ചുള്ള കാര്യങ്ങളിൽ പ്രത്യേകം ഒരു ശ്രദ്ധചെലുത്തുകൂടെ എന്നാണു് ഞാൻ ചോദിക്കുന്നതു്.

രാമവമ്മതമ്പുരാൻ.—അങ്ങിനെ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.—ഹർജിക്കാരൻ ഹാജരാകാതിരുന്നതു് രണ്ടാമതും അടിക്കിട്ടുമെന്നു് ഭയന്നിട്ടാണൊ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പ്രതിയുടെ ആക്ഷേപത്തെക്കുറിച്ചു് അന്വേഷണം ചെയ്യാത്തതിനെപറ്റി ഗവമ്മെണ്ടിൽനിന്നും വല്ല അന്വേഷണവും ചെയ്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—ഇങ്ങിനെ ഒരുകാര്യം നടന്നു എന്നുള്ളതു് ഇപ്പോഴാണുമാത്രമേ ഗവമ്മെണ്ടിനു് മനസ്സിലായിട്ടുള്ളു. അതിനാൽ മേലാൽ അന്വേഷിക്കാം.

മിസ്റ്റർ സി. എ. ഔസേപ്പു്.—"ആക്ഷേപം ബോധിപ്പിക്കുകയുണ്ടായിട്ടുണ്ടു്" എന്നു പറഞ്ഞതു് നേരിട്ടുബോധിപ്പിച്ചിട്ടുള്ളതാണൊ എന്നറിഞ്ഞാൽ കൊള്ളാം.

രാമവമ്മതമ്പുരാൻ.—ആ സംഗതി ഗവമ്മെണ്ടിനു് അറിവില്ല, നോട്ടീസു വേണം.

Qualifications of wardens of colonies for depressed classes.

185. മിസ്റ്റർ കെ. പി. വള്ളോൻ.—കോളനികളിലും മറ്റും വാർഡർമാരായി എത്രപേരെ നിയമിച്ചിട്ടുണ്ടു്; അവരുടെ കാലഫിക്കേഷൻ എന്തു്; ജാതിയും പേരും എന്തു്; നിയമിച്ച തീയ്യതിയും കൊല്ലവും ഏതു്?

രാമവമ്മതമ്പുരാൻ.—കോളനികളിൽ നിയമിച്ചിട്ടുള്ള വാർഡർമാരെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix I.*)

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ വാർഡർമാരേയും മറ്റും നിയമിച്ചിട്ടുള്ളതായിപറയുന്ന ഫർ പേരും സ്കൂൾഫൈനൽ പാസായിട്ടുള്ളവരാണൊ?

രാമവമ്മതമ്പുരാൻ.—അല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എത്രപേർ ഉണ്ടെന്നു പറയാമൊ?

രാമവമ്മതമ്പുരാൻ.—നാലുപേർ.

മിസ്റ്റർ കെ. പി. വള്ളോൻ.—ബാക്കിയുള്ളവരിൽ എന്തെങ്കിലും പ്രീക്ഷ പാസായിട്ടുള്ളവരുണ്ടൊ?

രാമവമ്മതമ്പുരാൻ.—ആരുമില്ല.

മിസ്റ്റർ ജാജ്ജു ചാക്കാമറ.—അധഃകൃതകോളനികളിൽ ഇവരുടെ ജാതിക്കാരെതന്നെ വയ്ക്കുമൊ?

രാമവമ്മതമ്പുരാൻ.—കഴിയുന്നതും അങ്ങിനെചെയ്യുവാൻവേണ്ടി ഉള്ള ആർഡർ അയച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇവരെക്കൂടാതെ പുലയരിൽ വല്ലവരും അപേക്ഷകന്മാരായുണ്ടായിരുന്നൊ?

LIBRARY ARCHIVES Kerala Legislative Assembly